പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4420 — 17/12/2014-ൽ മറുപടിയ്ക്ക്

**ക്ഷേത്ര ജീവനക്കാർക്ക് ശംബളം നൽകുന്നതിൻെറ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ.കെ. ലതിക | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) പത്ത് ലക്ഷത്തിൽ കൂടുതൽ ക്ഷേത്രവരുമാനമുള്ള ക്ഷേത്രങ്ങളിൽ ജീവനക്കാർക്ക് ശംബളം നൽകുന്നതിൻെറ നിലവിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;<br><br>ബി) പ്രസ്തുത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശംബളവും അലവൻസുകളും മുഴുവനായും നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ? | എ) & ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ഷേത്ര വരുമാനത്തിൻെറ അടിസ്ഥാനത്തിലല്ല ശംബളം നൽകിവരുന്നത്.<br>ഗുരുവായൂർ ദേവസ്വത്തിൽ ശംബള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഗുരവായൂർ ദേവസ്വം എംപ്ലോയീസ് റഗുലേഷൻ റൂൾ-6 പ്രകാരം കെ.എസ്.ആർ.പാർട്ട് I, II & III എന്നിവയിൽ കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന ഭേദഗതികൾക്ക് വിധേയമായും, അതാത് കാലത്തെ ശംബള പരിഷ്കരണ ഉത്തരവ് പ്രകാരവുമാണ് ശംബളം അനുവദിക്കുന്നത്. ക്ഷേത്രത്തിലെ പാരമ്പര്യ ജീവനക്കാർക്ക് കാലാകാലങ്ങളിലെ ഭരണ സമിതി തീരുമാനപ്രകാരവും ശംബളം നൽകുന്നു. ഗുരുവായൂർ ദേവസ്വം ജീവനക്കാർക്ക് ശംബളവും അലവൻസുകളും മുഴുവനായും നൽകി വരുന്നുണ്ട്.<br>കൊച്ചിൻ ദേവസ്വം ബോർഡിൻെറ കീഴിലെ ജീവനക്കാർക്ക് ശംബളം നൽകുന്നതിന് ഏകീകൃത രീതിയാണ് നിലവിലുള്ളത്. എസ്റ്റാബ്ലിഷ്മെൻറ് വിഭാഗം ജീവനക്കാർക്ക് കെ.എസ്.ആർ ബാധകമാക്കിയിട്ടുള്ളതും ക്ഷേത്ര ജീവനക്കാർക്ക് 5 വർഷത്തിലൊരിക്കൽ ബോർഡ് നിയോഗിക്കുന്ന ശംബള പരിഷ്കരണ കമ്മീഷൻെറ ശുപാർശയനുസരിച്ച് ഏകീകൃത സ്വഭാവത്തിൽ ജീവനക്കാർക്ക് ശംബളം നൽകി വരുന്നു. ജീവനക്കാർക്ക് ശംബളവും അലവൻസും പൂർണ്ണമായും നൽകിവരുന്നു.<br>സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് മലബാർ ദേവസ്വം ബോർഡിൻെറ അധികാര പരിധിയിലുള്ള ക്ഷേത്രങ്ങളിലെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കാലാകാലങ്ങളിൽ അതാത് ക്ഷേത്ര ഭരണാധികാരികൾ ശംബളം നൽകിവരുന്നത്. നിലവിൽ വിവിധ തസ്തികകളിൽ ശംബള സ്കെയിലുകൾ നിശ്ചയിച്ചു കൊണ്ട് സ.ഉ.(എം.എസ്) 116/09/ആർഡി അനുസരിച്ചാണ് |

ക്ഷേത്ര ഭരണാധികാരികൾ ജീവനക്കാർക്ക് ശംബളം നൽകി വരുന്നത്. ക്ഷേത്രങ്ങളിലെ നിത്യനിദാനങ്ങളുൾപ്പെടെയുള്ള ദൈനംദിന ചെലവുകൾക്ക് ശേഷം, ക്ഷേത്രങ്ങളിൽ മതിയായ ഫണ്ടില്ലാത്തത് കാരണം ശംബളവും അലവൻസുകളും മുഴുവനായും നൽകുന്നതിന് പ്രയാസമനുഭവപ്പെടുന്നുണ്ട്. ക്ഷേത്ര ജീവനക്കാരുടെ നിയമനം, അവരുടെ ശംബള മുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകൽ എന്നിവ ചെയ്തു വരുന്നത് നിയമനാധികാരി കൂടിയായ ക്ഷേത്ര ഭരണാധി കാരികളാണ്. ക്ഷേത്രങ്ങളിൽ നിന്നും ശംബളം നൽകുന്നതിന് ഫണ്ട് തികയാതെ വരുന്ന സാഹചര്യത്തിൽ 10 ലക്ഷം രൂപ വരെ വരുമാനമുള്ള ക്ഷേത്രങ്ങളിൽ, ശംബളം നൽകുന്നതിനാ വശ്യമായ തുകയുടെ 50% തുക സർക്കാർ ഗ്രാൻറിൽ നിന്നും രൂപീകരിച്ചിട്ടുള്ള മാനേജ്മെൻറ് ഫണ്ടിൽ നിന്നും നൽകു ന്നുണ്ട്.

(signature)

സെക്ഷൻ ഓഫീസർ